(സി) 1996-97- 2051.15 ലക്ഷം രൂപ
1997-98- 4371.43 ലക്ഷം രൂപ
1998-99- 5425.26 ലക്ഷം രൂപ

11847.84 ലക്ഷം രൂപ
==========

(ഡി) തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട ചില പണികളുടെ നടത്തിപ്പിൽ ചില പോരായ്മകളും അപാകതകളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

17 (3470) നിർദ്ധനർക്ക് കൂടുതൽ തൊഴിലവസരം

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിലെ നിർദ്ധനർക്കുവേണ്ടി സംസ്ഥാനത്ത് കഴിഞ്ഞ 3 വർഷക്കാലയളവിൽ എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഗ്രാമവികസനവകുപ്പിന്റെ എന്തൊക്കെ പദ്ധതികളിലൂടെയാണ് പ്രസ്തുത നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും ഓരോ പദ്ധതിയിലൂടെയും കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പുവഴി ഗ്രാമങ്ങളിലെ നിർദ്ധനർക്കു വേണ്ടി സംസ്ഥാന സർക്കാർ കഴിഞ്ഞ 3 വർഷക്കാലയളവിൽ 318.83 ലക്ഷം മനുഷ്യ തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കുന്ന ജവഹർതൊഴിദാന പരിപാടി, തൊഴിലുറപ്പുപദ്ധതി എന്നിവയിലൂടെയാണ് മേൽപ്രസ്താവിച്ച നേട്ടം കൈവരിച്ചിട്ടുള്ളത്. ജെ.ആർ.വൈ.പദ്ധതി മുഖാന്തിരം 187.08 ലക്ഷം മനുഷ്യതൊഴിൽദിനങ്ങളും തൊഴിലുറപ്പുപദ്ധതിപ്രകാരം 131.75 ലക്ഷം മനുഷ്യതൊഴിൽദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. ജെ.ആർ.വൈ.പദ്ധതിപ്രകാരം 39603 വീടുകളും 2197.57 കി.മീ. റോഡും 2460 ജലസേചനകിണറുകളും 32195 കക്കൂസുകളും 1580 കുടിവെള്ള കിണറുകളും 39 സ്കൂൾ കെട്ടിടങ്ങളും 21.10 ഹെക്ടർ സ്ഥലത്ത് സാമൂഹ്യവനവൽക്കരണ പരിപാടിയും നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിനായി 15362.98 ലക്ഷം രൂപ ചെലവഴിച്ചു. തൊഴിലുറപ്പ് പദ്ധതിപ്രകാരം 131.75 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. ഈ പദ്ധതിക്കായി 11847.84 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെറുകിടജലസേചന പദ്ധതികൾ, ഗ്രാമീണ ലിങ്കു റോഡുകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളിലൂടെയാണ് തൊഴിലുറപ്പു പദ്ധതികൾ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുള്ളത്.

18 (3471) സ്ത്രീകൾക്ക് തൊഴിലവസരം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly